**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2508** **04-03-2025 - ൽ മറുപടിയ്ക്ക്**

**പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്കീം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്കീം പ്രകാരം എത്ര സ്വകാര്യ വ്യവസായ പാർക്കുകൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്; അനുമതി ലഭ്യമായ പാർക്കുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി സർക്കാർ എന്തെല്ലാം സഹായങ്ങളാണ് ചെയ്തുവരുന്നത്; ടി പദ്ധതിക്ക് സർക്കാർ എന്തെങ്കിലും സബ്സിഡി നൽകി വരുന്നുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്കീം പ്രകാരം ഇതുവരെ 31 സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകിയിട്ടുണ്ട്.<br><br>സ്വകാര്യ വ്യവസായ എസ്റ്റേറ്റിലെ റോഡുകൾ, വൈദ്യുതി, ജലവിതരണം, ഡ്രെയിനേജ്, ETP/CETP എന്നിവ വികസിപ്പിക്കുന്നതിനും ലബോറട്ടറി, ടെസ്റ്റിങ്, സർട്ടിഫിക്കേഷൻ തുടങ്ങിയ പൊതു സൗകര്യങ്ങൾക്കുമായി ഡെവലപ്പർക്ക് ഒരു ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപ വരെ ധനസഹായം സർക്കാർ നൽകുന്നു. ഈ തുക റീ-ഇമ്പേഴ്സ്മെന്റ് വ്യവസ്ഥയിലാണ് അനുവദിക്കുക. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം പാലാ നിയോജകമണ്ഡലത്തിൽ എത്ര സ്വകാര്യ വ്യവസായ പാർക്കുകൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്; വിശദമാക്കാമോ? | (ബി) | പാലാ നിയോജക മണ്ഡലത്തിൽ 2 സ്വകാര്യ വ്യവസായ പാർക്കുകൾക്കാണ് അനുമതി നൽകിയിട്ടുള്ളത്. അവ താഴെ സൂചിപ്പിക്കുന്നു :-<br><br>1. Jacob and Richard International (P) Limited – Bharananganam.<br><br>2. Sance Sterilise (P) Limited –Moonilavu. |

സെക്ഷൻ ഓഫീസർ